# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.547- 02/12/2014 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

| ചോദ്യം<br>ശ്രീ. സി. കെ. സദാശിവൻ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കടബാദ്ധ്യത സാമ്പത്തിക ആസ്തിയുടെ എത്ര ശതമാനത്തിലധികമാവുമ്പോഴാണ് ഒരു സംസ്ഥാനം (debt stressed) കടബാദ്ധ്യതയാൽ ഞെരുക്കപ്പെടുന്ന സംസ്ഥാനമായി മാറുക, | 12-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് കടബാദ്ധ്യത മൊത്തം റവന്യൂ വരുമാന ആസ്തിയുടെ 300 ശതമാനം അധികരിക്കുമ്പോഴാണ് ഒരു സംസ്ഥാനത്തെ debt stressed ആയി കണക്കാക്കുന്നത്. |
| (ബി) സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഇപ്പോൾ എത്രയാണ്, സാമ്പത്തിക ആസ്തി എത്രയാണ്, | 31.03.2014 ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിൻെറ കടബാദ്ധ്യത 1,19,009.07 കോടി രൂപയും സാമ്പത്തിക ആസ്തി (റവന്യൂ വരുമാനം) 49,176.93 കോടി രൂപയുമാണ്. |
| (സി) നിലവിലത്തെ സാമ്പത്തിക ആസ്തിയും കടബാദ്ധ്യതയും പരിഗണിച്ചാൽ സംസ്ഥാനം ഇപ്പോൾ കടബാദ്ധ്യതയാൽ ഞെരുക്കപ്പെടുന്ന (debt stressed) സംസ്ഥാനമായിട്ടുണ്ടോ, വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | 31.03.2014 ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിൻെറ കടബാദ്ധ്യത മൊത്തം റവന്യൂ വരുമാന ആസ്തിയുടെ 300 ശതമാനം അധികരിക്കാത്തതിനാൽ സംസ്ഥാനത്തെ debt stressed ആയി കണക്കാക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ